(ബി) കൂടുതൽ ആശുപത്രികളിൽ മനോരോഗ ചികിത്സയ്ക്കുള്ള സൗകര്യമുണ്ടാക്കാൻ പരിപാടികളുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ ഇപ്പോൾ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലും, 14 ജില്ലാ ആശുപത്രികളിലും മാനസികരോഗ ചികിത്സാ സംവിധാനം നിലവിലുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിലും ഈ സൗകര്യം നിലവിലുണ്ട്.

(ബി) സർക്കാരിന്റെ മാനസികാരോഗ്യ നയം അനുസരിച്ച് പ്രാഥമിക തലം വരെ മാനസികരോഗ ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി നടപ്പ് വർഷം ആരോഗ്യവകുപ്പിന്റെ കീഴിലുള്ള 15 താലൂക്ക് ആശുപത്രികളിൽ മാനസികരോഗ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിന് കേന്ദ്ര സഹായത്തോടെ വികസന പദ്ധതികൾ

113 (2242) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായത്തോടെ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി പുതിയ വാർഡുകൾ പണിയുന്നതിനും, പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും മാനസിക രോഗികളുടെ പുനരധിവാസത്തിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, തീവ്രപരിചരണ വാർഡ് പണിയുന്നതിനും വേണ്ടി 20 ലക്ഷം രൂപയുടെ ഭരണാനുമതിയും, ഫോറൻസിക് വാർഡുകൾ, നേഴ്സസ് സ്റ്റേഷൻ, ട്രീറ്റ്മെന്റ് റൂം, പരിശോധനാമുറി, പുനരധിവാസ കേന്ദ്രം എന്നിവയുടെ നിർമ്മാണത്തിനായി 78 ലക്ഷം രൂപയുടെ ഭരണാനുമതിയും ഇതിനോടകം നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly